I ഇ.ബി. XIV - കേരള നിയമസഭ /V-6

**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 04, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

കുടിവെള്ള വിതരണം

മി. സ്പീക്കർ: സംസ്ഥാനത്ത് അതിരൂക്ഷമായ വരൾച്ച ബാധിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കുടിവെള്ളം എത്തിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാനോ ജില്ലകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാനോ, എസ്.സി./എസ്.ടി. കോളനികളിലടക്കം ആവശ്യമുള്ള സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാനോ സർക്കാർ തയ്യാറാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന

അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ നേരത്തെതന്നെ സ്വീകരിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് പ്രത്യേക യോഗം വിളിച്ചുചേർക്കുകയും മുഴുവൻ ജില്ലകളെയും വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും മന്ത്രിമാർക്ക് ജില്ലകളുടെ പ്രത്യേക ചുമതല നൽകി വരൾച്ച നേരിടുന്നതിനാവശ്യമായ തീരുമാനങ്ങളെടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതല വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖേന നടത്തുകയും കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. വാണിജ്യ വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽക്കിണർ കുഴിക്കുന്നത് നിയന്ത്രിക്കുകയും കിയോസ്കുകളും വാട്ടർ ടാങ്കുകളുംവഴി വെള്ളം വ്യാപകമായി വിതരണം ചെയ്യുന്നതിനായി ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് നിവേദനം നൽകിയതിനെത്തുടർന്ന് ഏപ്രിൽ മാസം കേന്ദ്ര സംഘം സംസ്ഥാനത്തെത്തി സ്ഥിതിഗതികൾ

വിലയിരുത്തിയിട്ടുണ്ട്. 2016-17-ൽ കുടിവെള്ള വിതരണത്തിനായി അനുവദിച്ച 69.9 കോടി രൂപയിൽ 20.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് കൃഷിനാശത്തിന് 19.49 കോടി രൂപ അനുവദിക്കുകയും ജലവിഭവ വകുപ്പ് 91.77 കോടി രൂപയുടെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. 3352 കിയോസ്കുകളിലൂടെയും വാട്ടർ ടാങ്കുകൾ വഴിയും വെള്ളം വിതരണം ചെയ്യുന്നതിനും തനത് ഫണ്ട് ഉപയോഗിച്ച് ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നെയ്യാറിൽ നിന്നും പേപ്പാറ അണക്കെട്ടിലേയ്ക്ക് ജലമെത്തിക്കാൻ തുക അനുവദിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. എല്ലാ പ്രദേശത്തും കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് യാതൊരു പരാതികളും നിലവിലില്ല. ഇടയ്ക്ക് ലഭിച്ച വേനൽ മഴ നിലവിലുള്ള അവസ്ഥ പരിഹരിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സംസ്ഥാനത്തെ അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. സർക്കാർ ഉത്തരവുകളിറക്കുന്നതുകൊണ്ടു മാത്രം പ്രശ്നം പരിഹരിക്കപ്പെടില്ല.

കുടിവെള്ളം എത്തിക്കുന്നതിന് 5000 കിയോസ്കുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞിട്ട് 3352 എണ്ണം മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനായി സർക്കാർ അനുവദിച്ച തുക ജില്ലകളിൽ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോയെന്നും ജില്ലകളുടെ പ്രത്യേക ചുമതല നൽകിയിട്ടുള്ള മന്ത്രിമാർ ഉത്തരവാദിത്വം കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നും പരിശോധിക്കണം. 2013-14 കാലയളവിലുണ്ടായ വരൾച്ച നേരിടുന്നതിന് അന്നത്തെ സർക്കാർ സ്വീകരിച്ച നടപടികൾ മാതൃകാപരമാണ്. ജില്ലകൾതോറും നടത്തുന്ന അവലോകന യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. പത്തനംതിട്ട ജില്ലയിൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല. വേനൽമഴ പല സ്ഥലങ്ങളിലും വേണ്ടത്ര ലഭിച്ചിട്ടില്ല. ഡ്രെഡ്ജർ ഉപയോഗിച്ച് തിരുവനന്തപുരം പട്ടണത്തിൽ കുടിവെള്ളം കൊടുക്കുന്നതുപോലെ കേരളത്തിന്റെ വിവിധ മേഖലകളിൽ കുടിവെള്ളം ലഭിക്കാതെ ദുരിതമനുഭവിക്കുന്നവർക്കുകൂടി ഈ രീതിയിൽ ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : കുടിവെള്ള പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കിയോസ്കുകൾ സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ആദ്യഘട്ടത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ 11,000 കിയോസ്കുകൾ ആവശ്യമുണ്ടെന്ന് കണ്ടെങ്കിലും ഓരോ ജില്ലയിലും നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 5,000 കിയോസ്കുകൾ സ്ഥാപിച്ചാൽ മതിയെന്ന് തീരുമാനിച്ചു. പത്തനംതിട്ട ജില്ലയിൽ 92 കിയോസ്കുകൾ ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. കിയോസ്കുകൾക്കുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ടാങ്കർ ലോറികളിലും വെള്ളം കൊടുക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കുടിവെള്ള പ്രശ്നത്തിന് വേണ്ടത്ര പ്രാധാന്യം നൽകിക്കൊണ്ട് ഗവൺമെന്റ് സത്വര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കുടിവെള്ള വിതരണത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായും റവന്യൂ വകുപ്പ് ഏറ്റെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിവരികയാണ്. ജലക്ഷാമം രൂക്ഷമായ ചില സ്ഥലങ്ങളിൽ ജലവിതരണം നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുവാദവും അധികാരവും നൽകിയിട്ടുണ്ട്. കേരളത്തിലെ വരൾച്ചയുടെ രൂക്ഷത കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പുപദ്ധതിയിലുൾപ്പെടുത്തി 50 തൊഴിൽ ദിനങ്ങൾ കൂടുതലായി അനുവദിച്ചിട്ടുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ ജനങ്ങൾക്കും കുടിവെള്ളമെത്തിക്കുന്നതിനുള്ള ഉത്തരവാദിത്വമാണ് സർക്കാർ നിർവ്വഹിക്കുന്നത്. ഏതെങ്കിലും ജില്ലയിൽ ജലക്ഷാമം നേരിടുന്നുണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കാം. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ജലവിഭവ വകുപ്പുമന്ത്രി വ്യക്തമാക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): വരൾച്ചയുടെ രൂക്ഷത ലഘൂകരിക്കുന്നതിന് എല്ലാ വകുപ്പുകളും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ജലക്ഷാമം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി രണ്ടുതവണ അവലോകന യോഗങ്ങൾ ചേർന്നിരുന്നു. എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾ മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്തതിനുശേഷമാണ് കിയോസ്കുകളിൽ മാത്രമായി പരിമിതപ്പെടുത്താതെ ടാങ്കർ ലോറികളിൽക്കൂടി ജലവിതരണം നടത്തുന്നതിനുള്ള തീരുമാനമെടുത്തത്. ജലവിഭവ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ മാത്രമായി പ്രവർത്തിക്കുന്നു എന്നുപറയുന്നത് ശരിയല്ല. ജലസ്രോതസ്സുകളിൽ തടയണകൾ നിർമ്മിച്ച് വെള്ളം കെട്ടിനിർത്താനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. തിരുവനന്തപുരത്തിന് പുറമെ പാലക്കാട്, കാസർകോഡ്, മലപ്പുറം എന്നീ ജില്ലകളിലെ ജലക്ഷാമം വളരെ രൂക്ഷമാണ്. ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, വാമനപുരംനദി എന്നിവയിൽ നീരൊഴുക്ക് തീരെയില്ലാത്തതിനാൽ ഇവയെ ആശ്രയിച്ചുള്ള കുടിവെള്ള പദ്ധതികൾ സ്തംഭനാവസ്ഥയിലാണ്. ഇത്തരം പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റി മറ്റ് സ്ഥലങ്ങളിൽനിന്നും ജലം ശേഖരിച്ച് ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വാട്ടർ

അതോറിറ്റിക്ക് ജലവിതരണം നടത്തുന്നതിനായി ആവശ്യത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് നവംബർ മാസം തന്നെ ജലക്ഷാമം സംബന്ധിച്ച് ചർച്ച നടത്തുകയും നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളവയ്ക്കുപുറമെ 6000 കുഴൽക്കിണറുകളിൽക്കൂടി ഹാൻഡ്പമ്പുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലുമായി ഏഴായിരത്തോളം കുഴൽക്കിണറുകൾ അധികമായി സ്ഥാപിക്കുകയും കുഴൽക്കിണറുകളെ ആശ്രയിച്ചുള്ള 235 ചെറുകിട പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. ജലനിധിയുടെ പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആലപ്പുഴ നഗരത്തിനും 8 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പശ്ചിമ കൊച്ചിയിലേയ്ക്ക് 15 MLD ജലം അധികമായി ലഭ്യമാക്കുന്ന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ പേപ്പാറ ഡാമിൽനിന്നുള്ള വെള്ളം മേയ് മാസം 17 വരെ മാത്രമേ നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ ലഭ്യമായ വെള്ളം മേയ് 31-വരെ നൽകുന്നതിനുവേണ്ടി 25 ശതമാനം പമ്പിംഗ് നിയന്ത്രണം ഏർപ്പെടുത്തണമെന്ന വാട്ടർ അതോറിറ്റിയുടെ നിർദ്ദേശത്തോട് സർക്കാർ ആദ്യം യോജിച്ചില്ല. എന്നാൽ പേപ്പാറ ഡാമിന്റെ വൃഷ്ടി പ്രദേശത്ത്

വേനൽമഴയുടെ കുറവുമൂലം ജലനിരപ്പ് താഴ്ന്നതിനാൽ ഏപ്രിൽ 18-ാം തീയതി മുതൽ നിയന്ത്രണമേർപ്പെടുത്തുകയുണ്ടായി. നെയ്യാർ ഡാമിൽനിന്നും വെള്ളം കൊണ്ടുവരാനുള്ള സാധ്യത പരിശോധിച്ച് വിവിധ വകുപ്പുകളുടെ സഹായത്തോടുകൂടി യുദ്ധകാലാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ വെള്ളം എത്തിച്ചതിനാൽ 17-ാം തീയതിക്കുശേഷവും ജില്ലയിൽ കുടിവെള്ളം ലഭ്യമാകുമെന്ന അവസ്ഥ സംജാതമായിട്ടുണ്ട്. അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് കുടിവെള്ള ക്ഷാമമില്ലെന്നാണ് മറുപടിയിലൂടെ സമർത്ഥിച്ചിരിക്കുന്നത്. അതിരൂക്ഷമായ വരൾച്ചമൂലം ആശുപത്രികളിൽ ചികിത്സ മുടങ്ങുകയും ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യമുണ്ടാകുകയും അമ്പലങ്ങളിലെ ചടങ്ങുകൾ മുടങ്ങുകയും ചെയ്യുന്നുവെന്നുള്ളത് സർക്കാർ ഗൗരവമായി കാണണം. വരൾച്ചയെ നേരിടാൻ ദീർഘ-ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിക്കണം. കുടിവെള്ള പ്രശ്നം നേരിടുന്നതിനായി കിയോസ്കുകൾ സ്ഥാപിച്ചെങ്കിലും അതുസംബന്ധിച്ച് റിവ്യൂ ചെയ്യുന്നില്ല. മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും വരൾച്ച നേരിടുന്നതിന്

പണം ചെലവഴിക്കുന്നതിന് പെർമിസീവ് സാങ്ഷൻ നൽകിക്കൊണ്ടുള്ള ഉത്തരവിറക്കിയതിലും കാലതാമസം നേരിട്ടു. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും തീരപ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. വ്യാപകമായ കൃഷിനാശം സംഭവിച്ച വയനാട്, ഇടുക്കി, കുട്ടനാട് പ്രദേശങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം. കൃഷിനാശം സംഭവിച്ച ആലപ്പുഴ ജില്ലയിൽ കേന്ദ്ര സംഘം സന്ദർശിക്കുകയോ നാശനഷ്ടം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. തിരുവനന്തപുരം നഗരത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന പമ്പിംഗ് നിയന്ത്രണം പിൻവലിച്ച് ആവശ്യാനുസരണം വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ അവധാനതയോടുകൂടി പ്രവർത്തിക്കുകയും ദീർഘ-ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് കേരളത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് റവന്യൂ-ജലസേചന വകുപ്പുകൾ സംയുക്തമായി അടിയന്തര നടപടി സ്വീകരിക്കുകയും വേണം.

## II ശ്രദ്ധക്ഷണിക്കൽ

(1) <u>അഴീക്കൽ തുറമുഖ നിർമ്മാണം</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: അഴീക്കൽ തുറമുഖത്തിന്റെ ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിച്ചെങ്കിലും ഇതുവരെ സർവ്വീസ് ആരംഭിച്ചിട്ടില്ല. അറേബ്യൻ തീരത്തുള്ള പ്രധാനപ്പെട്ട തുറമുഖങ്ങളിലേയ്ക്ക് ഇവിടെനിന്നും കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും ഡ്രഡ്ജിംഗ് നടപടികൾ പൂർത്തീകരിക്കുന്നതിനും അഴീക്കൽ മുനമ്പിന്റെ ഭാഗത്തേയ്ക്ക് നിലവിലുള്ള റോഡ് വീതികൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും കെ.എസ്.ഇ.ബി. സബ് സ്റ്റേഷന്റെ കപ്പാസിറ്റി കൂട്ടുന്നതിനും നടപടി സ്വീകരിക്കണം. കണ്ണൂർ സൗത്ത് റെയിൽവേ സ്റ്റേഷനിൽനിന്ന് വിമാനത്താവളത്തിലേയ്ക്ക് റെയിൽപ്പാത നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സർവ്വേ പൂർത്തീകരിക്കണം. കണ്ണൂർ ധർമ്മശാലയിലെ അടഞ്ഞുകിടക്കുന്ന കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പുറത്തുകൊടുക്കാനുള്ള നീക്കം തടയണം. അഴീക്കൽ തുറമുഖത്തെ ഷിപ്പ് യാർഡിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കുന്നതിനും തുറമുഖത്തിന്റെ ആഴം കൂട്ടുന്നതിനും തുറമുഖവികസനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): അഴീക്കൽ തുറമുഖത്തെ വലിയ ചരക്ക് ഗതാഗത കേന്ദ്രമായി മാറ്റുന്നതിന് മൂന്ന് ഘട്ടമായുള്ള വികസന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ

മാതൃകയിൽ പ്രത്യേക കമ്പനി രൂപീകരിക്കാനും സാങ്കേതിക നിർവ്വഹണ മേഖലകളിലാവശ്യമായ കൺസൾട്ടന്റുകളെ നിയമിക്കാനും Memorandum of Association, Articles of Association എന്നിവ തയ്യാറാക്കി കമ്പനി രജിസ്റ്റർ ചെയ്യാനും നടപടി സ്വീകരിച്ചുവരുന്നു. പി.പി.പി./ലാന്റ് ലോർഡ് മോഡലിൽ മൂന്ന് വാർഫുകളുള്ള വൻകിട തുറമുഖമായി അഴീക്കൽ തുറമുഖത്തെ വികസിപ്പിക്കാനും കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താനും തുറമുഖത്തിന്റെ ആഴം കൂട്ടാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന് ആവശ്യമായ ക്രെയിനുകളും കണ്ടെയ്നർ ഷിപ്പും ഉൾപ്പെടെയുള്ളവ കൊണ്ടുവരാനുമുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. റെയിൽ കണക്റ്റിവിറ്റിയെ സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റോഡ് ഗതാഗതത്തിനുള്ള സ്ഥലലഭ്യത ഉറപ്പുവരുത്താനും സമയബന്ധിതമായി ഇക്കാര്യങ്ങൾ പൂർത്തിയാക്കാനും നടപടി സ്വീകരിക്കും.

(2) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

ശ്രീ. ടി. എ. അഹമ്മദ് കബീർ: സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ സമഗ്രമായി പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്. എഞ്ചിനീയറിംഗ്/ ബി.എഡ്. പ്രൊഫഷണൽ കോളേജുകളിൽ പരിമിതമായ സൗകര്യങ്ങളാണിന്നുള്ളത്. എഞ്ചിനീയറിംഗ് കോളേജുകളിലും സെൽഫ്

ഫൈനാൻസിംഗ് കോളേജുകളിലുമുള്ള പ്രവേശനത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന് മാത്രമല്ല കൊഴിഞ്ഞുപോക്കും വിജയശതമാനത്തിലെ കുറവും കാണേണ്ടതുണ്ട്. ബി.എഡ്./എം.എഡ്. കോഴ്സുകൾ രണ്ട് വർഷമായി പരിമിതപ്പെടുത്തിയതുമൂലം അപേക്ഷകരുടെ എണ്ണത്തിലും കുറവ് ഉണ്ടായിരിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം കുറയ്ക്കാനും പകരം സംവിധാനം കണ്ടെത്താനും ആവശ്യമായ പഠനം നടത്തണം. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എം.എഡ്. കോഴ്സിന്റെ കാലാവധി രണ്ടുവർഷം എന്നത് മാറ്റാനും എഞ്ചിനീയറിംഗ് കോളേജുകളുടെ റേഷ്യോ അനുസരിച്ച് പോളിടെക്നിക്കുകളും ഐ.റ്റി.ഐ.-കളും സ്ഥാപിക്കാനും കേരളത്തെ ഒരു എഡ്യൂക്കേഷൻ ഹബ്ബായി മാറ്റാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): ഉന്നതവിദ്യാഭ്യാസ മേഖലയും സ്വാശ്രയമേഖലയും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്ലാൻ തയ്യാറാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ, യു.ജി.സി., എ.ഐ.സി.റ്റി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് അവലോകനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിലെ ജീവനക്കാരും അദ്ധ്യാപകരും വിദ്യാർത്ഥികളും അഭിമുഖീകരിക്കുന്ന

പ്രശ്നങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റീസ് കെ.കെ. ദിനേശൻ കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്വകാര്യ സ്വാശ്രയ മേഖലകളിൽ പുതുതായി കോളേജുകൾ അനുവദിക്കേണ്ടതില്ലെന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ഐ.റ്റി.ഐ.-കളും ആർട്സ് ആന്റ് സയൻസ് കോളേജുകളുമടക്കം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇന്റഗ്രേറ്റ് ചെയ്ത് എങ്ങനെ സാമൂഹ്യവത്കരിക്കാമെന്നത് പഠന വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

## III സബ്മിഷൻ

### (1) അഖിലിന് മർദ്ദനമേറ്റ സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഹരിപ്പാട് നിയോജകമണ്ഡലത്തിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ കൊലപാതകത്തിന് ദൃക്സാക്ഷിയായ അഖിലിന് പോലീസ് സ്റ്റേഷനിലും സബ് ജയിലിലുംവച്ചും മർദ്ദനമേറ്റത് സംബന്ധിച്ച് നിഷ്പക്ഷ അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആലപ്പുഴ പള്ളിപ്പാട് കോട്ടയ്ക്കകം പത്മാലയം വീട്ടിൽ പ്രസാദിനെ 27-03-2017-ന് വൈകിട്ട് ലോറി ഡ്രൈവറായി ജോലി നോക്കിയിരുന്ന അഖിലിനെ ഡ്രൈവർ സ്ഥാനത്തുനിന്ന് മാറ്റിയതിന്റെ വിരോധത്താൽ ചൂണ്ടുപലക ജംഗ്ഷനിൽ വച്ച് ഇരുമ്പുകസേരകൊണ്ട് തലയ്ക്കടിച്ച്

പരിക്കേല്പിക്കുകയുണ്ടായി. പ്രസാദിന്റെ പരാതിപ്രകാരം കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾപ്രകാരം അഖിലിനെതിരെ കേസെടുക്കുകയും റിമാൻഡ് ചെയ്യുകയും ചെയ്തു. പോലീസ് സ്റ്റേഷനിൽ വച്ചോ ജയിലിൽ വച്ചോ അഖിലിനോട് മോശമായി പെരുമാറുകയോ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്തിട്ടില്ല. 04-04-2017-ന് കോടതി ജാമ്യം അനുവദിച്ചതിനെത്തുടർന്ന് അന്നുതന്നെ ഇയാളെ ജയിലിൽനിന്ന് വിട്ടയയ്ക്കുകയുണ്ടായി.

(2) ധനസഹായം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പത്തനാപുരം കുന്നിക്കോട് പച്ചിലവളവിൽ കെ.എസ്.ആർ.ടി.സി. ബസും ആംബുലൻസും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 15-4-2017-ൽ പത്തനാപുരം കടയ്ക്കാമൺ കോളനി നിവാസിയായ ഫാത്തിമ ബീവിയെ ചികിത്സയ്ക്കായി കൊണ്ടുപോകവേ കുന്നിക്കോട് പച്ചിലവളവിൽവച്ച് കെ.എസ്.ആർ.ടി.സി. ബസും ആംബുലൻസും കൂട്ടിയിടിച്ചതിനെത്തുടർന്ന് ഫാത്തിമ ബീവി, ചെറുമകൻ ഷെറീഫ്, ആംബുലൻസ് ഡ്രൈവർ സുബിൻ കോശി എന്നിവർ സംഭവസ്ഥലത്തുവച്ചും സബീന,

ഹാജിറ ബീവി എന്നിവർ പിന്നീടും മരണപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നകാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(3) മതസൗഹാർദ്ദം തകർക്കാനുള്ള ശ്രമം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കളമശ്ശേരി നിയോജകമണ്ഡലത്തിൽ കരുമാലൂർ പഞ്ചായത്തിൽ മതസൗഹാർദ്ദം തകർക്കുന്നതിനായി ബോധപൂർവ്വമായ ശ്രമം നടക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈസ്റ്റർ ആഘോഷവുമായി ബന്ധപ്പെട്ട് എറണാകുളം കാരക്കുന്നിൽ ജേക്കബ് എന്നയാൾ വ്യത്യസ്ത മതവിഭാഗത്തിൽപ്പെട്ട തന്റെ കൂട്ടുകാരുമായി പശുവിനെ കശാപ്പുചെയ്തുകൊണ്ടിരിക്കെ ബി.ജെ.പി. അനുഭാവികളായ കുറച്ചുപേർ അവിടെയെത്തി ഇറച്ചിയിൽ മണ്ണുവാരിയിട്ട് നശിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ആലുവ വെസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും എട്ട് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ആലുവ യു.സി. കോളേജിന് സമീപമുള്ള കാർമൽഗിരി സെമിനാരിവക മതിലിന്റെ ഒരു വശം ഇടിഞ്ഞുവീണതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കാലപ്പഴക്കംചെന്ന മതിലാണെന്ന് കണ്ടെത്തുകയും കേസ് രജിസ്റ്റർ ചെയ്യാതെതന്നെ കൂടുതൽ

അന്വേഷണം നടത്തിവരികയുമാണ്. കിഴക്കേ വെളിയത്തുനാട് വില്ലുപടി എന്ന സ്ഥലത്തുനിന്നും തടിക്കടവിലേക്ക് പോകുന്ന റോഡിന്റെ വശത്തെ പാടത്തിന് സമീപം ആളൊഴിഞ്ഞ ഭാഗത്ത് ഇറച്ചി വേസ്റ്റ് ഉപേക്ഷിച്ചതായി പോലീസിൽ വിവരം ലഭിച്ചതിനെത്തുടർന്ന് കരുമാലൂർ പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ അത് കുഴിച്ചുമൂടുകയുണ്ടായി. ഇറച്ചി അവശിഷ്ടം അവിടെ നിക്ഷേപിച്ചവരെക്കുറിച്ചുള്ള സൂചനകളൊന്നും ലഭ്യമായിട്ടില്ല. ബന്ധപ്പെട്ട സ്ഥലങ്ങളിൽ പോലീസിന്റെ നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്. ഇത് സാമുദായിക സൗഹാർദ്ദം തകർക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടില്ല. ഇക്കാര്യങ്ങളിൽ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: അകത്തേത്തറ - നടക്കാവ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ-നടക്കാവ് റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 2016-17-ലെ ബഡ്ജറ്റിൽ 25 കോടി രൂപ

അനുവദിച്ചുവെങ്കിലും എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ തുക 38.88 കോടി രൂപയായി വർദ്ധിക്കുകയാണുണ്ടായത്. 4-2-2017-ലെ ഗവൺമെന്റ് ഓർഡർ പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് ഭരണാനുമതി നൽകുകയും 21-3-2017-ലെ കിഫ്ബിയുടെ യോഗത്തിൽ ടി പദ്ധതിക്ക് ഉപാധികളോടെ അപ്രൂവൽ നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ അപ്രൂവലിനായി ആർ.ബി.ഡി.സി. സമർപ്പിച്ച ക്ലാരിഫിക്കേഷൻ റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിലാണ്. റെയിൽവേ സ്പാനിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് തയ്യാറാക്കൽ ജോലി പി.ഡബ്ല്യൂ.ഡി. റെയിൽവേയെ ഏൽപ്പിച്ചിരിക്കുകയാണ്. തുടർനടപടികൾ ആരംഭിക്കുന്നതിന് റെയിൽവേ ആവശ്യപ്പെട്ട പതിനാറരലക്ഷം രൂപ കിഫ്ബിയിൽനിന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആർ.ബി.ഡി.സി. കത്ത് നൽകിയിരിക്കുകയാണ്. ഫൈനൽ അപ്രൂവൽ ലഭിക്കുന്നതിനുമുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടിക്കുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് നൽകിയിട്ടുണ്ട്. മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കുന്നതാണ്.

(5) ഇ.എസ്.ഐ. തൊഴിലാളികൾക്ക് സൂപ്പർസ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ്

ശ്രീ. വി.കെ.സി. മമ്മത് കോയ: ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ വരുന്ന തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ഇ.എസ്.ഐ.-പദ്ധതിയുടെ പരിധിയിൽ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. പത്തോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ ഇ.എസ്.ഐ.-പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ നിബന്ധനപ്രകാരം ഒരു ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് ലഭ്യമാകണമെങ്കിൽ അസുഖം കണ്ടെത്തുന്നതിന് തൊട്ടുമുമ്പുള്ള രണ്ട് വർഷം തുടർച്ചയായി ജോലി ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. രോഗം ആരംഭിക്കുന്നതിനുമുമ്പ് നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും രണ്ട് കാലയളവിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുംവേണം. ഈ നിബന്ധന പ്രകാരം പരമാവധി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നിഷേധിക്കപ്പെടും. തൊഴിലാളികൾക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന തീരുമാനം റദ്ദാക്കണമെന്നും

ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയും പ്രസ്തുത തീരുമാനം പുന:പരിശോധിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് റഫർ ചെയ്യുന്ന മാനദണ്ഡങ്ങളാണ് കേരളത്തിൽ സ്പെഷ്യാലിറ്റി ചികിത്സയ്ക്കും ബാധകമാക്കിയിട്ടുള്ളത്. സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുന്നതിനാൽ സ്പെഷ്യാലിറ്റി എംപാനൽമെന്റ് അർഹത നിലവിലുണ്ടായിരുന്ന പ്രകാരം നിലനിർത്തുന്നകാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്.

(6) <u>ചെക്ക് ഡാം നിർമ്മാണം</u>

<u>ശ്രീ. ബി. സത്യൻ</u>: കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി വാമനപുരം നദിയിൽ തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്)</u>: രൂക്ഷമായ വരൾച്ചയെത്തുടർന്ന് വാമനപുരം നദിയിലെ വെള്ളം ക്രമാതീതമായി കുറഞ്ഞതിനാൽ ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ പഞ്ചായത്തുകൾക്കായുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ

നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനാവലോകന യോഗത്തിൽ വാമനപുരം നദിക്ക് കുറുകെ കാരേറ്റ് പാലത്തിന് സമീപം ഒരു തടയണ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. കിഫ്ബിയുടെ ധനസഹായത്തോടെ പ്രസ്തുത റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരികയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 600 കോടി രൂപയിൽ ഇതിനാവശ്യമായ തുക കണ്ടെത്താൻ സാധിച്ചാൽ പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(7) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം

ശ്രീ. പി. ടി. തോമസ് : കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015 ഏപ്രിൽ 1 മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനും കോർപ്പറേഷനും സർക്കാരും തുല്യമായ വിഹിതം നിക്ഷേപിക്കുന്നതിനും തീരുമാനിച്ചതുപ്രകാരം സർക്കാർ വിഹിതം അനുവദിച്ചുവരികയാണ്. പെൻഷൻ തുകയുടെ 50 ശതമാനം സർക്കാർ

ഗ്രാന്റായി നൽകുമെന്ന് ഈ വർഷത്തെ ബഡ്ജറ്റിലും ഉറപ്പ് നൽകിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം 2017 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. പെൻഷൻ നൽകാനുള്ള തുക ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പയായി ഉടൻതന്നെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടനയും പുനരുദ്ധാരണവും സംബന്ധിച്ച് പഠനം നടത്താനായി കൽക്കട്ട ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ട. പ്രൊഫസർ ശ്രീ. സുശീൽഖന്നയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായശേഷം തുടർനടപടി കൈക്കൊള്ളുമ്പോൾ യഥാസമയം പെൻഷൻ വിതരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്ന പ്രയത്നത്തിലാണ് മാനേജ്മെന്റും ഗവൺമെന്റും. ഏപ്രിൽ മാസത്തെ ശമ്പളവും മാർച്ച് മാസത്തെ പെൻഷൻ കുടിശ്ശികയും വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) <u>പർച്ചേസ് ടാക്സ് പിൻവലിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സ്വർണ്ണാഭരണ വ്യാപാരികളിൽനിന്ന് നിയമവിരുദ്ധമായി ഈടാക്കുന്ന പർച്ചേസ് ടാക്സ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സ്വർണ്ണാഭരണങ്ങളുടെ പർച്ചേസ് ടാക്സ് സംബന്ധിച്ച വിഷയം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(9) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സേവന വ്യവസ്ഥകൾ

ശ്രീ. കെ. ഡി. പ്രസേനൻ: ഹിന്ദുമത ധർമ്മ സ്ഥാപന ഭരണവകുപ്പ് നിർത്തലാക്കിയതിനെത്തുടർന്ന് മലബാർ ദേവസ്വം ബോർഡിൽ പ്രത്യേക വിഭാഗമായി പ്രവർത്തിക്കുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഹിന്ദുമത ധർമ്മ സ്ഥാപന ഭരണവകുപ്പ് നിർത്തലാക്കിയതിനെത്തുടർന്ന് മലബാർ ദേവസ്വം ബോർഡിൽ പ്രത്യേക വിഭാഗം ജീവനക്കാരായി പ്രവർത്തിക്കുന്നവർ വളരെയധികം പ്രതിസന്ധി നേരിടുകയാണ്. അവരെ വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ച് പെൻഷനുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും തുടരുന്നതാണെന്ന് 08-06-2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 71 ജീവനക്കാരാണ് പ്രസ്തുത വകുപ്പിലുള്ളത്. ജീവനക്കാർക്ക് ഓപ്ഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മലബാർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടെങ്കിലും സർവ്വീസും സീനിയോറിറ്റിയും സംരക്ഷിക്കുന്നതടക്കമുള്ള

വിഷയം സങ്കീർണ്ണമായതിനാൽ തീരുമാനമുണ്ടായിട്ടില്ല. ഇവർക്ക് നിയമാനുസൃതം ലഭിക്കേണ്ട സ്ഥാനക്കയറ്റം അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ആശ്രിത നിയമനത്തിലൂടെവന്ന രണ്ട് ജീവനക്കാർ മാതൃവകുപ്പിലോ മറ്റിതര വകുപ്പിലോ നിയമനം ലഭിക്കണമെന്നാവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ അന്തിമവിധിക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്.

(10) സ്കൂൾ പാചകത്തൊഴിലാളികളെ സ്കൂൾ ജീവനക്കാരായി അംഗീകരിക്കൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സ്കൂൾ പാചകത്തൊഴിലാളികളെ സ്കൂൾ ജീവനക്കാരായി അംഗീകരിക്കുന്നതിനും മിനിമം കൂലി വ്യവസ്ഥ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 12,327 സ്കൂളുകളിലായി 13,664 പാചകത്തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. സ്കൂൾതലത്തിലുള്ള പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ്, അവലോകനം, മേൽനോട്ടം, തൊഴിലാളികളുടെ നിയമനം എന്നിവ 'നൂൺ ഫീഡിംഗ്' കമ്മിറ്റികളാണ് നിർവ്വഹിക്കുന്നത്. കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ ആയിരം രൂപയാണ് ഇവർക്ക് ഓണറേറിയമായി അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 500 രൂപ

വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായ നികുതിയും വില്പന നികുതിയും (266,79,73,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി (496,14,76,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും (493,50,07,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം (130,74,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI -പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്
(310,20,77,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(6) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തു വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീമതി പി. അയിഷാ പോറ്റി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജാതിമത വർഗ്ഗീയ ചിന്തകളിൽനിന്നും ജനങ്ങളെ മോചിപ്പിച്ചും അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിച്ചും കേരളത്തിന്റെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ ശക്തമായ നടപടി സ്വീകരിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ശബരിമല

വികസനത്തിനായി 150 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ദേവസ്വം ക്ഷേത്രങ്ങളിലെ ആയുധ പരിശീലനം വിലക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. സർക്കാരുമായി ആലോചിക്കാതെ തീരുമാനമെടുക്കുന്ന ബോർഡിന്റെ നടപടി അംഗീകരിക്കാൻ കഴിയില്ല. അഴിമതി തടയാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ചീഫ് വിജിലൻസ് ഓഫീസറെ നിയമിച്ച് വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ശബരിമലയിൽ പാത്രങ്ങൾ വാങ്ങിയതിലും കമ്പ്യൂട്ടർവത്കരണം നടപ്പാക്കിയതിലുമുള്ള ക്രമക്കേട് സംബന്ധിച്ച് പരിശോധിക്കണം. കൊട്ടാരക്കര ഗണപതി ക്ഷേത്രം വക ഭൂമി ക്ഷേത്ര വികസനത്തിനായി പ്രയോജനപ്പെടുത്തണം. അനധികൃത ഭൂമി കയ്യേറ്റം തടയുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ ടാങ്കർ ലോറികളിലൂടെ വിതരണം ചെയ്യുന്ന വെള്ളം ഈ മാസംകൂടി കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. കൊല്ലം ജില്ലയിൽ ആരംഭിക്കുന്ന റവന്യൂ ഡിവിഷന്റെ ആസ്ഥാനമായി കൊട്ടാരക്കരയെ പരിഗണിക്കണം. വെളിയം, ഓടനാവട്ടം വില്ലേജുകൾക്ക് പുതിയ കെട്ടിടം

അനുവദിക്കുന്നതിനും എഴുകോൺ, കൊട്ടാരക്കര, മൈലം വില്ലേജ് ഓഫീസുകൾ കാലോചിതമായി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുള്ള ഇടപെടലുണ്ടാകണം.

ശ്രീ. കെ. മുരളീധരൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുടിയേറ്റവും കയ്യേറ്റവും കാലാകാലങ്ങളായി കേരളത്തിൽ ചർച്ച ചെയ്യുന്ന വിഷയമായിരിക്കെ സർക്കാർഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം. സർക്കാരിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഭാവിയിൽ കേന്ദ്ര ഗവൺമെന്റ് വ്യത്യസ്തമായ നിലപാട് സ്വീകരിച്ചാൽ അത് സംസ്ഥാന വരുമാനത്തെ പ്രതികൂലമായി ബാധിക്കും.

ശ്രീ. ഇ. കെ. വിജയൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൂന്നാറിൽ അനധികൃതമായി കയ്യേറിയ സർക്കാർ ഭൂമി ഒഴിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടി സ്വാഗതാർഹമാണ്. പുഴയുടെ പുറമ്പോക്ക് കയ്യേറ്റം തടയുന്നതിനും കയ്യേറിയവ വീണ്ടെടുക്കുന്നതിനും നടപടി സ്വീകരിക്കണം. പാട്ട വ്യവസ്ഥയിൽ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ കുടിശ്ശിക പിരിച്ചെടുക്കാൻ തയ്യാറാകണം. നെൽവയലുകൾ

സംരക്ഷിക്കുന്നതിന് ജാഗ്രതയോടുകൂടിയ പ്രവർത്തനം നടത്തണം. പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾക്ക് തീർപ്പുകൽപ്പിക്കാനും അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി പട്ടയം നൽകാനും ഭൂമി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തണം. വരൾച്ചബാധിത പ്രദേശങ്ങളുടെ മാപ്പ് തയ്യാറാക്കാനും വരൾച്ച നേരിടുന്നതിനായി ഹ്രസ്വ-ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം. പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ വകുപ്പുകൾ ഏകോപിപ്പിക്കണം. കോഴിക്കോട് ജില്ലയിൽ വടകര കേന്ദ്രീകരിച്ച് ആർ.ഡി.ഓഫീസ് അനുവദിച്ച സർക്കാർ നടപടിയെ അഭിനന്ദിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പതിനൊന്ന് മാസക്കാലയളവിനുള്ളിൽ പുതുതായി ഒരു പദ്ധതിക്കും തുടക്കം കുറിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന കിയോസ്കുകളിൽ വെള്ളമുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനംപോലും ഏർപ്പെടുത്തിയിട്ടില്ല. റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും മറ്റ് ജില്ലകളിലേയ്ക്ക് പ്രസ്തുത ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്ന

നടപടിയും അവസാനിപ്പിക്കണം. പുഴകളിലും തോടുകളിലും റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപയോഗവും ലഭ്യതയും നിയന്ത്രിക്കണം. കയ്യേറ്റം ഒഴിപ്പിക്കൽ, ഉദ്യോഗസ്ഥരുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. പാതയോരങ്ങളിൽ അനുമതിയില്ലാതെ നിർമ്മിച്ച ഷെഡ്ഡുകൾ, പാർട്ടി ഓഫീസുകൾ, കൊടിമരങ്ങൾ എന്നിവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം ലഭിക്കാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കണം. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കി വികസന പദ്ധതികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എൻ. വിജയൻ പിള്ള : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഈ ഗവൺമെന്റ് ഭരണത്തിൽ വന്നപ്പോൾ നേരിടേണ്ടിവന്നത്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മദ്യഷാപ്പുകൾ പൂട്ടിയതുമൂലം വരുമാന നഷ്ടമുണ്ടായെങ്കിലും കുടിശ്ശികയുണ്ടായിരുന്ന ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ചെക്ക് പോസ്റ്റുകൾ അഴിമതി വിമുക്തമാക്കുന്നതിനും വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ സഹായം നൽകുന്നതിന് എടുത്ത തീരുമാനം സ്വാഗതാർഹമാണ്.

സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതും നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതും കൊടുംവരൾച്ചയിലും പവർകട്ടില്ലാത്ത സംസ്ഥാനമായി കേരളത്തെ നിലനിർത്തിയതും ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിക്കാൻ തീരുമാനമെടുത്തതും സ്വാഗതാർഹമാണ്. ഗവൺമെന്റ് ഹരിതകേരളം പദ്ധതിയിലൂടെ കേരളത്തിലെ കർഷകർക്ക് നഷ്ടപ്പെട്ട കാർഷികാഭിവൃദ്ധി വർദ്ധിപ്പിക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലൈഫ് പദ്ധതിയിലൂടെ പതിനായിരക്കണക്കിന് വീടുകളുടെ പൂർത്തീകരണം നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ജില്ലാഭരണകൂടങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും സംസ്ഥാനത്ത് ഐ.എ.എസ്. ഓഫീസർമാർക്ക് ഓരോ ജില്ലയിലെയും ചുമതല നൽകുന്നതിനും ഓരോ മാസവും അവലോകന യോഗങ്ങൾ കൂടുന്നതിനും എടുത്ത തീരുമാനം ശ്ലാഘനീയമാണ്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അദാലത്തുകളിലൂടെ ജനങ്ങളുടെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിന് സി.എം.ഡി.ആർ.എഫ്.- ഓൺ ലൈൻ പദ്ധതി നടപ്പിലാക്കിയതും കൂടുതൽ തുക വിതരണം ചെയ്യാൻ കഴിഞ്ഞതും ഈ ഗവൺമെന്റിന്റെ നേട്ടമാണ്. സംസ്ഥാനത്തെ കൊടും വരൾച്ച

മുൻകൂട്ടി കണ്ടുകൊണ്ട് വളരെ നേരത്തെ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. നവകേരള മിഷനിലൂടെ അഞ്ചുവർഷംകൊണ്ട് നാലര ലക്ഷം വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് കൊടുക്കുന്നതിനും ഹരിത സംസ്കാരമുള്ള ഒരു സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും ആർദ്രം പദ്ധതിയിലൂടെ പാവപ്പെട്ടവർക്ക് ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള തീരുമാനം ശ്ലാഘനീയമാണ്.

ശ്രീ. പുരുഷൻ കടലുണ്ടി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 1957-ലെ ഇ.എം.എസ്. മന്ത്രിസഭയുടെ തുടർച്ചയാണ് ഈ സർക്കാർ. നവകേരള മിഷനിലൂടെ സംസ്ഥാനത്തിന്റെ സാംസ്കാരിക-വികസനമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ജനകീയാസൂത്രണം ശാസ്ത്രീയമായി തുടരുമെന്ന പ്രഖ്യാപനവും ഭൂമി സംബന്ധമായ നിയമങ്ങളെയും നടപടികളെയുംക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ഭൂസാക്ഷരതാ ക്യാമ്പയിൻ എന്ന സന്ദേശവും സ്വാഗതാർഹമാണ്. 884 വില്ലേജുകളിൽ റീസർവ്വേ നടത്തിയതും 551 വില്ലേജുകളിലെ ജനങ്ങൾക്ക് സൗജന്യമായി വസ്തുവിന്റെ സ്കെച്ച് നൽകാൻ തീരുമാനിച്ചതും സംയുക്ത സർവ്വേയിലൂടെ കുരാചുണ്ട് പ്രദേശത്തെ പ്രശ്നം പരിഹരിക്കാൻ സാധിച്ചതും പ്രശംസനീയമാണ്. ഭൂമി കയ്യേറ്റം തടയുന്നതിനും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിനും കർശന നടപടികളുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുകയാണ്.

പാട്ട വ്യവസ്ഥയിൽ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർ വ്യവസ്ഥകൾ ലംഘിക്കുകയും ഭൂമി ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കണം. ആറന്മുള എയർപോർട്ടിനായി നികത്തിയ പുഴ പൂർവ്വ സ്ഥിതിയിലേയ്ക്ക് കൊണ്ടുവന്നതും എല്ലാവർക്കും ഭൂമിയും വീടും നൽകുന്ന ലൈഫ് പദ്ധതിയുമായി മുന്നോട്ട് പോകുന്നതും ആശാവഹമാണ്. കൊടുംവരൾച്ച മുന്നിൽക്കണ്ട് വളരെ നേരത്തെ പ്രതിരോധ നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റിന് കഴിഞ്ഞു. തൊഴിൽ പരിശീലനവും പ്രീ-പ്രൈമറി തലം മുതലുള്ള മികച്ച വിദ്യാഭ്യാസവും ഇംഗ്ലീഷ് ഭാഷ, ഐ.റ്റി. പഠനമുൾപ്പെടെയുള്ള സൗകര്യങ്ങളും സേവന-ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിന് സൗകര്യങ്ങളും ഒരുക്കുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷംവീട് പദ്ധതി എന്നിവ പുനരുജ്ജീവിപ്പിച്ച് അഞ്ചുവർഷംകൊണ്ട് എല്ലാവർക്കും വീട് ലഭ്യമാക്കുമെന്നും ഭൂസംരക്ഷണ നിയമം സംരക്ഷിക്കുമെന്നുമുള്ള ഉറപ്പാണ് ഗവൺമെന്റ് നൽകുന്നത്.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൂന്നാറിലെ വൻകിട ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട റീസർവ്വേ പ്രശ്നങ്ങൾ പരിഹിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണം. വില്ലേജ് ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ

ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതിനായി സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തണം. ലാന്റ് അസ്സസ്മെന്റ് കമ്മിറ്റികൾ അടിയന്തരമായി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു വിഷയത്തിലും ഈ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിട്ടില്ല. മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ദേവസ്വം ബോർഡ് ഭരണം സുതാര്യവും അഴിമതി രഹിതവുമായി മുന്നോട്ടുപോവുകയാണ്. ഗവൺമെന്റിന്റെ അവസരോചിതമായ ഇടപെടൽമൂലം ശബരിമലയിലെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. വർഗ്ഗീയ പ്രസംഗം നടത്തുന്ന ദേവസ്വം ബോർഡ് പ്രസിഡന്റിനെതിരെയും അഴിമതിയുടെ കാര്യത്തിൽ വിജിലൻസ് അന്വേഷണം നേരിടുന്ന സെക്രട്ടറിക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കണം. ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: ശബരിമലയിൽ മകരവിളക്ക് തെളിയിക്കാനുള്ള ആദിവാസികളുടെ അവകാശം പുന:സ്ഥാപിച്ച് നൽകുകയും എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിൽ കളക്ടർമാർ ഇടപെടുന്നതിനെതിരെ നടപടി

സ്വീകരിക്കുകയും ചെയ്യണം. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയമസഭാ സമിതിയെ നിയോഗിക്കുകയും 01.01.1977-ന് ശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും വേണം. വൻകിട കയ്യേറ്റക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി ഒഴിപ്പിക്കൽ നടപടി നിർത്തിവച്ചത് ജനങ്ങളിൽ സംശയം ജനിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മംഗലപുരം പഞ്ചായത്തിലെ മുരുക്കുംപുഴയിൽ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യ ലഭ്യത ശക്തിപ്പെടുത്താനും ജന്മിത്തം അവസാനിപ്പിക്കാനും ഭൂഉടമ ബന്ധങ്ങളിൽ മാറ്റമുണ്ടാക്കാനും ഭൂപരിഷ്കരണത്തിലൂടെ സാധിച്ചുവെങ്കിലും ചെറുകിട ഉല്പാദക സംരംഭങ്ങളിൽ വളർച്ച നേടാൻ സാധിച്ചിട്ടില്ല. നിയന്ത്രണാതീതമായ കയ്യേറ്റം, വനനശീകരണം, പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണം എന്നിവമൂലം ഭൂമിയുടെ സന്തുലിതാവസ്ഥ നശിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റേയും ഭൂപതിവ് നിയമത്തിന്റേയും നഗ്നമായ ലംഘനം നടന്നിരിക്കുന്നതായി സി.ആന്റ് എ.ജി. റിപ്പോർട്ട് വന്നിട്ടുണ്ട്. സംസ്ഥാനത്ത് അഴിമതിയും അധികാര ദുർവിനിയോഗവും സാമൂഹിക-സാംസ്കാരിക തകർച്ചയും വർദ്ധിച്ചുവരികയാണ്. സ്വകാര്യലാഭത്തിനുവേണ്ടി മാത്രമുള്ള ഭൂമിയുടെ

ഉപയോഗം ഒരു പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല. ഭൂവിനിയോഗം നിയന്ത്രണ വിധേയവും ശാസ്ത്രീയവുമാക്കുകയും പാർപ്പിട പ്രശ്നം പരിഹരിക്കുകയും ചെയ്യണം. അനുയോജ്യമല്ലാത്ത സ്ഥലങ്ങളെ പാർപ്പിടയോഗ്യമാക്കി മാറ്റുന്ന നടപടി പ്രായോഗികമല്ല. കഴിഞ്ഞ ഗവൺമെന്റ് ഭൂരഹിത പദ്ധതിയുടെ ഭാഗമായി വാസയോഗ്യമായ ഭൂമി നൽകുകയോ പട്ടയം നൽകുകയോ ചെയ്തിട്ടില്ല. കേരളത്തെ നവീകരിക്കുന്നതിന് മാനവികതയിലൂന്നിയ പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. ദേവസ്വം ബോർഡിലെ അഴിമതി സംബന്ധിച്ച് പരിശോധിക്കണം. വരുമാനം കുറവായ ക്ഷേത്രങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാർ ഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പ് പരാജയപ്പെട്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥരെ അകാരണമായി സ്ഥലം മാറ്റുന്ന നടപടി സ്വീകരിച്ചിരിക്കുകയാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അനധികൃത കയ്യേറ്റക്കാരിൽനിന്നും ഭൂമി തിരിച്ചുപിടിക്കാനും എല്ലാ ജില്ലകളിലും പട്ടയമേള സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം നൽകാനുമുള്ള നടപടി അഭിനന്ദനാർഹമാണ്. പട്ടയത്തിന് അർഹതയുള്ള മേഖലകളെക്കുറിച്ച് റിപ്പോർട്ട്

തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് മൂന്നാറിനെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ശ്ലാഘനീയമാണ്. ഹാരിസൺ മലയാളം പോലെയുള്ള കുത്തക കമ്പനികൾ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്ന ഭൂമി കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും മൂന്നാറിലെ കുടിയേറ്റക്കാരെ സംരക്ഷിക്കുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നതും അഭിനന്ദനാർഹമാണ്. ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന്റെ ഭാഗമായി 'ലൈഫ്' പദ്ധതി ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഐ.എ.വൈ. ഭവന പദ്ധതി അട്ടിമറിക്കാനാണ് കഴിഞ്ഞ സർക്കാർ ശ്രമിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം ബോർഡുകളിൽ നിലനിന്നിരുന്ന അഴിമതി തുടച്ചുനീക്കാനും ശബരിമല വികസനവുമായി ബന്ധപ്പെട്ട വിവാദങ്ങൾക്ക് പരിഹാരം കാണാനും 150 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും തീർത്ഥാടകർക്കായി ഇടത്താവളം ഒരുക്കാനും നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ജനദ്രോഹ നടപടികളിൽ നിന്നും കേരളത്തെ രക്ഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: ധനാഢ്യർത്ഥനകളെ എതിർക്കുന്നു. സർക്കാർ ഭൂമി

സംരക്ഷിക്കുന്നതിനും പാലക്കാട്, മലപ്പുറം ജില്ലകളിലെ പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് പട്ടയം നൽകാനും നടപടി സ്വീകരിക്കണം. ആവശ്യമായ ജീവനക്കാരെ നിയമിച്ച് റീസർവ്വേ നടപടികൾ പൂർത്തീകരിക്കണം. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആറന്മുളയിലും മെത്രാൻ കായലിലും കൃഷിയിറക്കുന്നതിന് എൽ.ഡി.എഫ്. ഗവൺമെന്റ് നടപടി സ്വീകരിച്ചു. കുടിയേറ്റ കർഷകരെ സംരക്ഷിച്ചും കയ്യേറ്റക്കാരെ പുറത്താക്കിയും മൂന്നാറിനെ അതിന്റെ എല്ലാ തനിമയോടെ നിലനിർത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ആദിവാസികളുടെയും ദളിതരുടെയും സാധാരണ ക്കാരുടെയും താൽപര്യങ്ങൾ ഊന്നൽ നൽകിക്കൊണ്ട് മൂന്നാറിനെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിനായി ആവിഷ്കരിച്ച 'ലൈഫ്' പദ്ധതി അഭിനന്ദനാർഹമാണ്. കുടിയാന് കുടികിടപ്പവകാശവും കൃഷിഭൂമി കൃഷിക്കാരനും ദളിത് പിന്നോക്ക വിഭാഗക്കാർക്ക്

സാമൂഹ്യസ്വാതന്ത്ര്യവും നേടിക്കൊടുത്ത ഇ.എം.എസ്. സർക്കാരിന്റെ പിൻതുടർച്ചയാണ് ഈ ഗവൺമെന്റ്. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി മറയാക്കി വൻകിടക്കാർക്ക് സർക്കാർ ഭൂമി സൗജന്യമായി പതിച്ചുനൽകുന്ന നടപടിയാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. മൂന്നാർ മേഖലകളിലെ ആദിവാസികൾക്കും കർഷകത്തൊഴിലാളികൾക്കും പട്ടയം ലഭ്യമാക്കാൻ ഈ സർക്കാർ നടത്തുന്ന ശ്രമത്തെ അഭിനന്ദിക്കുകയാണ്. കേരളത്തെ തകർക്കാനുള്ള ആർ.എസ്.എസ്. ശ്രമങ്ങളെ സംഘടിതമായി ചെറുക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂമി കയ്യേറ്റം പൂർണ്ണമായി ഒഴിവാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. മൂന്നാറിനെ രക്ഷിക്കാൻ ജനമുന്നേറ്റം ആവശ്യമാണ്. അവിടത്തെ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനായി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെയ്തിരുന്ന നല്ല കാര്യങ്ങളുമായി മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. പാറപൊട്ടിക്കൽ നടത്തുന്നതും ലാർജ് സ്കെയിൽ ഡിസ്ട്രക്ഷൻ നടത്തുന്നതും ഹെവി മെഷീനുകൾ ഉപയോഗിക്കുന്നതും കയ്യേറ്റത്തിന്റെ ഭാഗമായാണ്. കൊട്ടക്കമ്പൂരിലെ 344.5 ഏക്കർ ഭൂമിയിലെ കയ്യേറ്റം ഒഴിവാക്കുന്നതിനും കുറിഞ്ഞിമലയിലെ കയ്യേറ്റശ്രമം തടയുന്നതിനും ഗവൺമെന്റിന് സാധിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മൂന്നാർ മേഖലയിലെ കയ്യേറ്റം സംബന്ധിച്ച് 40

എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നതിന്മേൽ തുടർനടപടി സ്വീകരിക്കാനും ടാറ്റായുടെയും ഹാരിസന്റെയും കൈവശമുള്ള ബാക്കി ഭൂമി തിരിച്ചുപിടിക്കാനും ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഡോ. നിവേദിത പി. ഹരന്റെ റിപ്പോർട്ട് നടപ്പിലാക്കുന്നതിനോ കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിക്കാനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അഴിമതി നിർമ്മാർജ്ജനം ചെയ്യുകയും ഭൂമി കയ്യേറ്റങ്ങൾ തടയുകയും എതിർ സത്യവാങ്മൂലം നൽകാതിരിക്കുന്ന ആളുകൾക്കെതിരെ നടപടി സ്വീകരിക്കുകയും വേണം. ഈ ഗവൺമെന്റ് ഭരണമേറ്റെടുത്തശേഷം ഭൂമി കയ്യേറി പണിത റിസോർട്ടുകളുടെ ഉത്തരവാദിത്വം ഈ ഗവൺമെന്റിനുതന്നെയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ചർച്ചയിൽ ഉയർന്നുവന്ന വിലപ്പെട്ട നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഭൂമി ഇല്ലാത്തവർക്ക് ഭൂമി, അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണം, അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ, വയൽ നികത്തുന്നത് തടയൽ തുടങ്ങിയവയാണ് ഈ ഗവൺമെന്റിന്റെ നയം. സ്റ്റാഫിന്റെ കുറവ് സംബന്ധിച്ച പരാതിയിൽ ജില്ലാതലത്തിൽ റീ-അറേഞ്ചുമെന്റുകൾ നടത്തുന്നതിനും അത്യാവശ്യ പോസ്റ്റുകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 6 ജില്ലകളിൽ പുതുതായി

ഓരോ റവന്യൂ ഡിവിഷനുകളും പയ്യന്നൂരും കുന്ദംകുളത്തും രണ്ട് താലൂക്കുകളും രൂപീകരിക്കാനുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ട്. റവന്യൂ ഭരണം അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിലെ അഴിമതി കണ്ടുപിടിക്കുന്നതിനായി പ്രത്യേക പരിശോധനാ വിഭാഗത്തെ നിയോഗിച്ച് ജില്ലകളിലെ മുഴുവൻ ഓഫീസുകളിലും വിശദമായ പരിശോധന നടത്തുകയും അപാകതകളും പോരായ്മകളും കണ്ടുപിടിച്ച് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ചുരുങ്ങിയ സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും അത് പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്തുവരുന്നു. വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ നിന്നുള്ള സേവനം മെച്ചപ്പെടുത്തുന്നതിനായി ഇ-ഗവേണൻസ്, ഇ-ഡിസ്ട്രിക്റ്റ്, സംയോജിത ഓൺലൈൻ പോക്കുവരവ്, ഇ-പേമെന്റ് സിസ്റ്റം, റവന്യൂ റിക്കവറി ഓൺലൈൻ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്മാർട്ട് വില്ലേജ് പദ്ധതി കൂടുതൽ വില്ലേജുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും പരാതിപരിഹാര സെല്ലുകൾ രൂപീകരിക്കുന്നതിനും ഗവൺമെന്റിന് സാധിച്ചു. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ശക്തമായ നിലപാട് സ്വീകരിച്ചതിലൂടെ ഭൂമികയ്യേറ്റം തടയുന്നതിനും വ്യാപകമായ തോതിൽ

കുന്നുകളിടിച്ച് വയലുകൾ നികത്തുന്നത് തടയുന്നതിന് തഹസീൽദാർമാരുടെ മേൽനോട്ടത്തിൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ച് നിരീക്ഷണം നടത്തുന്നുണ്ട്. അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിന് ജില്ലാ കളക്ടറുടെയും ഡെപ്യൂട്ടി കളക്ടറുടെയും നേതൃത്വത്തിൽ തഹസീൽദാർമാർ ഉൾപ്പെടുന്ന ജില്ലാ-താലൂക്ക് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 3 (എ) വകുപ്പ് നീക്കം ചെയ്യുന്നതിന് മുൻ സർക്കാർ കൊണ്ടുവന്ന ഭേദഗതി റദ്ദാക്കുകയുണ്ടായി. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 -ഉം പഞ്ചായത്തിൽ 10 -ഉം സെന്റിൽ വീടുവയ്ക്കാൻ അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായ ഡാറ്റാ ബാങ്ക് ഒരു വർഷത്തിനുള്ളിൽ നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. നികത്തിയ വയലുകൾ പൂർവ്വ സ്ഥിതിയിലെത്തിക്കാനുള്ള നടപടി സ്വീകരിച്ചു. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുകയും ജില്ലകളിൽ പട്ടയ മേളകൾ സംഘടിപ്പിക്കുന്നതുമാണ്. 01-01-1977-ന് മുമ്പുള്ള കുടിയേറ്റ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ആദിവാസികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പട്ടയം നൽകുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ചവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പാട്ട വ്യവസ്ഥയുടെ ലംഘനം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെട്ട ഉന്നതതല സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണലുകളുടെ പരിഗണനയിലുള്ള കേസുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് 29 സ്പെഷ്യൽ ട്രൈബ്യൂണലുകൾ പുന:സ്ഥാപിക്കുകയും പഞ്ചായത്ത് തലത്തിൽ സിറ്റിംഗുകൾ നടത്തി തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മലപ്പുറം, ആലപ്പുഴ, പാലക്കാട്, വയനാട് എന്നീ ജില്ലകളിലായി 655.20 ഹെക്ടർ മിച്ച ഭൂമി ഏറ്റെടുത്ത് വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശത്തെത്തുടർന്ന് ഇടുക്കി ജില്ലയിലെ അവശേഷിക്കുന്ന സ്ഥലത്തിന്റെ റീസർവ്വേ നടപടികൾ നടത്തുന്നതാണ്. കാലാവസ്ഥാ വ്യതിയാനവും കാലവർഷത്തിന്റെ കുറവുംമൂലം ഏറ്റവും വലിയ വരൾച്ചയാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ളവിതരണവും ഉറപ്പുവരുത്തുന്നതിനും ജില്ലകളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുള്ള ദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

കാര്യക്ഷമമാക്കിയിട്ടുണ്ട്. എല്ലാ അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ആക്ട് കൊണ്ടുവരുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. റീ സർവ്വേ പ്രവർത്തനങ്ങൾ സ്പെഷ്യൽ ടീമുകളുടെ നേതൃത്വത്തിൽ അത്യാധുനിക സാങ്കേതികവിദ്യയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എറണാകുളം ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണ സാമഗ്രികളുടെ വിപണനത്തിനായി 5 കലവറ യൂണിറ്റുകളുടെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് പത്തനംതിട്ടയിൽ സ്വന്തമായി ഓഫീസ് സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യത്തിൽ നിന്ന് വൈദ്യുതി, പാചക വാതകം എന്നിവ ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് പരിശീലനം നൽകാൻ 10 പ്രൊഡക്ഷൻ യൂണിറ്റുകൾ ആരംഭിച്ചു. മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ജീവനക്കാർക്കായി തുടങ്ങിവച്ച ഫ്ളാറ്റുകളുടെയും ബഹുഭൂരിപക്ഷം വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകളുടെയും നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രീൻ ട്രൈബ്യൂണലിന് മുമ്പാകെ സർക്കാർ നൽകിയിരുന്ന ഉറപ്പ് പാലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## VI ക്രമപ്രശ്നം

സമാന സ്വഭാവമുള്ള ചോദ്യങ്ങൾക്ക് വ്യത്യസ്ത മറുപടി നൽകിയത്

സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ : പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല എന്നീ അംഗങ്ങൾ ഉന്നയിച്ച സമാന സ്വഭാവമുള്ള ചോദ്യങ്ങൾക്ക് മൂന്ന് രീതിയിലുള്ള ഉത്തരങ്ങളാണ് നൽകിയിരിക്കുന്നത്.

### റൂളിംഗ്

മി. സ്പീക്കർ : സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടികൾ നൽകുകയോ അതുസംബന്ധിച്ച ആക്ഷേപങ്ങൾ ഉണ്ടാകുകയോ ചെയ്താൽ അവകാശലംഘനത്തിന്റെ ഭാഗമായാണ് വരുന്നത്. ഇത് ക്രമപ്രശ്നമായി ഉന്നയിക്കുക സാധ്യമല്ല. എന്നിരുന്നാലും ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച വിഷയം പരിശോധിച്ച് സഭയിൽ മറുപടി നൽകുന്നതാണ്.

**ധനകാര്യം** (തുടർച്ച)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : ചർച്ചയിൽ അംഗങ്ങളുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥന

യോടൊപ്പം ദേവസ്വം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പല അംഗങ്ങൾക്കും ചർച്ചയിൽ പങ്കെടുക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ഭാവിയിലെങ്കിലും അത് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മലബാർ ദേവസ്വം ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത സഭാസമ്മേളനത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതാണ്. ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങളുയർന്നുവന്നിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്. ശബരിമലയുടെ മാസ്റ്റർ പ്ലാനിനുവേണ്ടി സർക്കാർ 25 കോടി രൂപ അനുവദിക്കുകയും കിഫ്ബിവഴി 300 കോടി രൂപയുടെ വിപുലമായ പദ്ധതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധയിടങ്ങളിൽ ഭക്തർക്ക് വിപുലമായ സൗകര്യങ്ങളുള്ള ഇടത്താവളങ്ങൾ ഒരുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ആരോപണവിധേയനായ ദേവസ്വം ഉദ്യോഗസ്ഥനെ കമ്മീഷണറാക്കാനുള്ള ബോർഡിന്റെ തീരുമാനം അംഗീകരിക്കാൻ കഴിയില്ല. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡ് ഹരിതക്ഷേത്രം പദ്ധതിക്ക് രൂപം കൊടുക്കുകയും കുളങ്ങളുടെയും

കാവുകളുടെയും നവീകരണത്തിനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പ്രസാദ് സ്കീം പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ, ശബരിമല, ശ്രീപത്മനാഭ സ്വാമി ക്ഷേത്രങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.)

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 29-നെതിരെ 73 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.58 -ന് പിരിഞ്ഞു.